## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 1333 11.02.2016 ലെ മറുപടിയ്ക്ക്

# ഉഴവൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

**ചോദ്യം**

ശ്രീ.മോൻസ് ജോസഫ്

(എ) ഉഴവൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി ട്രഷറി വകുപ്പിന്റെ സ്ഥലം വിട്ടു നൽകുന്നതുമായി ബന്ധപ്പെട്ട് പി.ഡബ്ല്യൂ.ഡി. സർവ്വെ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സർവ്വെ പി.ഡബ്ല്യൂ.ഡി. കോട്ടയം എക്സിക്യൂട്ടീവ് എഞ്ചിനീയറെക്കൊണ്ട് എത്രയും വേഗം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത സർവ്വെയുടെ പേരു പറഞ്ഞ് ട്രഷറി വകുപ്പിൽ നിലവിലുള്ള A1/8085/2013 ഫയലിൽ തീരുമാനമെടുക്കാൻ കഴിയാത്ത സാഹചര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാനും പദ്ധതിക്ക് തടസ്സം സൃഷ്ടിക്കുന്ന അവസ്ഥ ഒഴിവാക്കുവാനും, സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനും അവിടെ ട്രഷറി കെട്ടിടം പണിയുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ), (ബി) & (സി) ഉഴവൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി ട്രഷറി വകുപ്പിന്റെ സ്ഥലം വിട്ടു നൽകുന്നതുമായി ബന്ധപ്പെട്ട് പി.ഡബ്ല്യൂ.ഡി. സർവ്വെ നടത്തി സൈറ്റ് പ്ലാൻ തയ്യാറാക്കി ആർക്കിടെക്ച്ചറൽ വിഭാഗം തയ്യാറാക്കിയ രൂപരേഖ അനുസരിച്ച് 400 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. ട്രഷറി വകുപ്പിൽ നിലവിലുള്ള A1/8085/2013 ഫയലിൽ തീരുമാനമെടുക്കാൻ കഴിയാത്ത സാഹചര്യം വകുപ്പിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ